ഒരു ലക്ഷം ലിറ്റർ ഉൾക്കൊള്ളാവുന്ന ഗ്രൗണ്ട് ലവൽ ടാങ്കും ഓവർഹെഡ് ടാങ്കും കിണറും പണിയുന്നതിനുള്ള 12.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നെടുങ്ങാട്–നായരമ്പലം പാലം നിർമ്മാണം

180 [1531] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നെടുങ്ങാട്-നായരമ്പലം പാലം നിർമ്മാണം നബാർഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രാരംഭ നടപടികളും എവിടെവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നബാർഡിൽ നിന്ന് ഇതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

പെരുമ്പാവൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഒ. പി. ബ്ലോക്കിന്റെ പുനർ നിർമ്മാണം

181 [1532] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ഒ. പി. ബ്ലോക്കിന്റെ ഒന്നാം നില പുനർ നിർമ്മിക്കുവാൻ 2004-05 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും നിർമ്മാണം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒ. പി. ബ്ലോക്കിന്റെ അപകടനില പരിഗണിച്ച് ഉടൻ നിർമ്മാണം തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതുവരെ എടുത്ത നടപടികളും പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഭരണാനുമതിക്കായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്.

പാപ്പിനിശ്ശേരി–പിലാത്തറ റോഡ് വികസന പദ്ധതി

182 [1533] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. അനുസരിച്ച് കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി-പിലാത്തറ റോഡ് വികസന പദ്ധതിയുടെ പുരോഗതി എത്രത്തോളമായെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡിനുവേണ്ടി സ്ഥലം അക്വിസിഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഔദ്യോഗികമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതിയുടെ ടെൻഡർ അംഗീകാരത്തിനായി ലോക ബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ ഓഫീസറും, എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇപ്രകാരമുള്ള പരാതികൾ സ്വീകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

അന്ധ വിദ്യാലയങ്ങൾ

183 [1536] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അന്ധവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏതെല്ലാമാണെന്നും എത്രാം ക്ലാസുവരെ പഠിപ്പിച്ചുവരുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കാസർഗോഡ് പ്രവർത്തിക്കുന്ന അന്ധ വിദ്യാലയം എന്നാണ് ആരംഭിച്ചത്;

(ഡി) പ്രസ്തുത വിദ്യാലയം അപ്ഗ്രേഡ് ചെയ്ത് വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂൾ മേഖലയിൽ ആകെ 10 അന്ധ വിദ്യാലയങ്ങളുണ്ട്.

(ബി)
1. ഗവ. ബ്ലൈൻഡ് സ്കൂൾ, തിരുവനന്തപുരം.
2. ഗവ. ബ്ലൈൻഡ് സ്കൂൾ, കുന്നംകുളം, തൃശ്ശൂർ.
3. ഗവ. ബ്ലൈൻഡ് സ്കൂൾ, ഒളശ, കോട്ടയം.
4. ഗവ. ബ്ലൈൻഡ് സ്കൂൾ, കാസറഗോഡ്.
5. ലൈറ്റ് ടു ദി ബ്ലൈൻഡ് സ്കൂൾ, വർക്കല, തിരുവനന്തപുരം.
6. ഹെലൻ കെല്ലർ സെൻറിനറി മെമ്മോറിയൽ മോഡൽ സ്കൂൾ ഫോർ ദി ബ്ലൈൻഡ്, കരിപ്പുഴ പി.ഒ., പാലക്കാട്.
7. കേരള സ്കൂൾ ഫോർ ദി ബ്ലൈൻഡ്, വള്ളിക്കപ്പാറ പി.ഒ., മലപ്പുറം.
8. അസ്സീസി സ്കൂൾ ഫോർ ദി ബ്ലൈൻഡ്, കാളകെട്ടി പി.ഒ., കോട്ടയം.
9. സ്കൂൾ ഫോർ ദി ബ്ലൈൻഡ്, ആലുവ, എറണാകുളം.
10. ലൂയി ബ്രെയിലി മെമ്മോറിയൽ മോഡൽ സ്കൂൾ ഫോർ ദി ബ്ലൈൻഡ്, കുയിത്തൂർ പി.ഒ., ഇടുക്കി.

LIBRARY ARCHIVES Kerala Legislative Assembly